

# ഇന്ത്യയെ സ്നേഹിക്കുന്ന കാതറിൻ

വി.പി.എ അസീസ്

ഇന്ത്യയെ അത്രമേൽ സ്നേഹിക്കയാൽ എഴുപതാം വയസ്സിലും കാതറീൻ ക്ലമന്റ് ഇന്ത്യൻ അനുഭവങ്ങളെ ആധാരമാക്കിയുള്ള രചനകൾ തുടരുന്നു. മൂന്നുപതിറ്റാണ്ടുകൾക്കുമുമ്പ് ഏതാനും വർഷം ഇന്ത്യയിൽ താമസിച്ചതിന്റെ ഹൃദ്യാനുഭവങ്ങളാൽ പ്രേരിതയായി ഈ ഫ്രഞ്ച് എഴുത്തുകാരി വീണ്ടുംവീണ്ടും ഇന്ത്യ കാണാനെത്തുന്നു. ഈയിടെ നടന്ന ജയ്പൂർ അന്താരാഷ്ട്ര പുസ്തകോത്സവത്തിലും ആ സാന്നിധ്യമുണ്ടായിരുന്നു. അവരുടെ കൃതികൾ പ്രസ്തുത സന്ദർഭത്തിൽ അവിടെ പ്രകാശനം ചെയ്യപ്പെടുകയുണ്ടായി.

കേവലാർത്ഥത്തിലുള്ള ഒരു സാധാരണ എഴുത്തുകാരിയല്ല ഈ സർഗപ്രതിഭ. നോവലിസ്റ്റ്, കവയിത്രി, പ്രബന്ധകാരി, തത്വജ്ഞാനി എന്നീ നിലകളിൽ തന്റെ അസാമാന്യമായ സിദ്ധി വിശേഷങ്ങൾ തെളിയിച്ച കാതറീൻ സ്ത്രീ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളുടെ മുൻനിരയിൽ നിന്ന് പ്രവർത്തിച്ചുകൊണ്ടും ലോകശ്രദ്ധ ആകർഷിക്കുകയുണ്ടായി.

രണ്ടാംലോകമഹായുദ്ധത്തിന്റെ മുമ്പു പിറന്ന തലമുറക്കാരിയെന്ന നിലയിൽ പോയ കാലത്തിന്റെ നിരവധി സ്മരണകൾ കാതറിന്റെ ഹൃദയത്തെ സമ്പന്നമാക്കുന്നുണ്ട്. കഴിഞ്ഞകാലത്തിന്റെ കയ്പും മധുരവും നിറഞ്ഞ സ്മൃതികളെ താലോലിച്ച് വികാരാർദ്രമാക്കുന്നത് അർഥശൂന്യമാണെന്ന പക്ഷക്കാരിയാണവർ.

ചരിത്രത്തിൽ നിന്നും അനുഭവങ്ങളിൽനിന്നും പാഠം ഉൾക്കൊള്ളുക, അത്തരം പാഠങ്ങൾ സഹജീവികൾക്ക് പകർന്നു നൽകുക എന്നിവ സ്വന്തം ജീവിതദൗത്യമായി ഈ എഴുത്തുകാരി സ്വയം കണക്കാക്കുന്നു. ഇത്തരമൊരു കാഴ്ചപ്പാടിന്റെ ഉടമയായതിനാൽ ചരിത്രത്തെ അധികരിച്ച് നിരവധി ആഖ്യായികകൾ രചിക്കാൻ കാതറീൻ നിഷ്കർഷ പ്രകടിപ്പിച്ചു. അവയിൽ ഏറെയും ഇന്ത്യയുമായി ബന്ധപ്പെട്ടതാണ് എന്നതാണ് ഇന്ത്യക്കാരായ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നത്.

ഫ്രഞ്ച് സാംസ്കാരിക മന്ത്രാലയത്തിന്റെ അധ്യക്ഷ പദവിയിലിരിക്കെ 1969ലാണ് കാതറീൻ ആദ്യമായി ഇന്ത്യയിൽ പര്യടനം നടത്തുന്നത്. ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യം, താജ്മഹൽ ഉൾപ്പടെ മുഗൾ ചക്രവർത്തിമാർ പണിതുയർത്തിയ മനോജ്ഞസൗധങ്ങൾ, പള്ളികൾ, ക്ഷേത്രങ്ങൾ, ബുദ്ധവിഹാരങ്ങൾ, കരകൗശലവേലകൾ തുടങ്ങിയവയെല്ലാം കാതറീന്റെ മനസ്സിൽ അനുഭൂതികൾ ഉണർത്തി. ഇന്ത്യയിലെ സുൽത്താന്മാരെക്കുറിച്ചും മഹാത്മാഗാന്ധിയെകുറിച്ചും അവർ തന്റെ സർഗപ്രതിഭയാൽ പുതിയ ചിത്രങ്ങൾ വരച്ചുചേർത്തു.

ദക്ഷിണ പാരീസിൽ താമസിക്കുന്ന കാതറീൻ മാധ്യമപ്രവർത്തക എന്ന നിലയിലും ഫ്രാൻസിലുടനീളം ഖ്യാതി നേടുകയുണ്ടായി. ഫ്രഞ്ച് അസ്തിത്വവാദ ചിന്തകനും നോവലിസ്റ്റുമായ ഴാങ് പോൾ സാർത്രുമായി കാതറീൻ നടത്തിയ അഭിമുഖം രാജ്യത്തെ സാംസ്കാരിക മണ്ഡലത്തിൽ ദീർഘകാലം അലയൊലികൾ ഉണർത്തുകയുണ്ടായി.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന് എഡ്വിന മൗണ്ട്ബാറ്റണോട് ഉണ്ടായിരുന്ന അടുപ്പത്തെ ആധാരമാക്കി രചിച്ച 'എഡ്വിന ആന്റ് നെഹ്റു എ നോവൽ' എന്ന കൃതി ഇന്ത്യയിൽ വിവാദങ്ങളുയർത്തിയിരുന്നു. എന്നാൽ സോണിയാഗാന്ധിക്ക് കോപ്പി അയച്ചുകൊടുത്ത് പ്രസിദ്ധീകരണാനുമതി നേടിയ ശേഷം മാത്രമാണ് കാതറീൻ ആ പുസ്തകം ഇന്ത്യയിൽ വിൽപനക്കയച്ചത്. ഡൽഹിയിലും മുംബൈയിലും താമസിച്ച് നിരവധി പേരുമായി സംഭാഷണങ്ങൾ നടത്തി വസ്തുതകൾ പരിശോധിച്ച് ഉറപ്പുവരുത്തിയായിരുന്നു കാതറീൻ ഈ നോവലിന്റെ രചന പൂർത്തീകരിച്ചത്.

പാരീസിലെ ഫ്ളാറ്റിൽ കഴിയുമ്പോഴും ഇന്ത്യയിലോടിയെത്താൻ വെമ്പുന്ന ഈ അപൂർവ സർഗപ്രതിഭക്ക് വായനക്കാരിൽ അതിശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിരിക്കുന്നു. ചരിത്രത്തിൽ നിന്ന് മനുഷ്യൻ ഒന്നും പഠിക്കുന്നില്ല എന്ന ചരിത്രകാരന്റെ വിമർശനത്തെ നിരാകരിച്ച് ചരിത്രത്തെ പ്രയോജനപ്പെടുത്തേണ്ടതെങ്ങനെയെന്ന് മാനവരാശിയെ അഭ്യസിപ്പിക്കുന്നു കാതറീൻ.